The Kerala State Women's Development Corporation Ltd.
Dept. of Social Justice, Govt. of Kerala
she transcends®

CIN : U91990KL1988SGC004978

തീയതി - 20.08.2018

പ്രിയമുള്ളവരേ,

ലോകത്തെ സമ്പന്ന രാഷ്ട്രങ്ങളോട് കിടപ്പിടിക്കുന്ന രീതിയിൽ സാമൂഹ്യാഭിവൃദ്ധി നേടിയ നമ്മുടെ കേരള സംസ്ഥാനം അതിന്റെ ചരിത്രത്തിൽ ഇന്നേ വരെ നേരിട്ടിട്ടില്ലാത്ത ഒരു പ്രതിസന്ധി നേരിടുകയാണ്. അധ്വാനശീലരെന്നും പ്രയത്നശാലികളെന്നും പേരു കേട്ട ഒരു ജനതയുടെ സാമ്പത്തിക അടിത്തറ ഏകദേശം പൂർണ്ണമായും തകർന്നു നിൽക്കുന്ന സാഹചര്യമാണുള്ളത്. മൂന്ന് ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലകളെയും ഗുരുതരമായി ബാധിച്ച പ്രളയംമൂലം ലക്ഷക്കണക്കിന് സഹോദരങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിട്ടുണ്ട്. അവരെ സഹായിക്കേണ്ടത് ഈ നാട്ടിലെ ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണ്. പരസ്പര സാഹോദര്യത്തിലും സഹകരണത്തിലും അടിയുറച്ച പ്രവർത്തനത്തിലൂടെ മാത്രമേ നമ്മുടെ സംസ്ഥാനത്തിന് പൂർവ്വസ്ഥിതി പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

ഇത്തരുണത്തിൽ തന്നാൽ കഴിയുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത നിങ്ങളോരോരുത്തരെയും കോർപ്പറേഷൻ ബോർഡിന്റെ പേരിലും എന്റെ വ്യക്തിപരമായ പേരിലും ഹൃദയത്തിൽ നിന്നുള്ള സ്നേഹം നിറഞ്ഞ നന്ദി അറിയിച്ചു കൊള്ളുന്നു. എന്നാൽ നമ്മുടെ കർത്തവ്യം ഇവിടെ തീരുന്നില്ല. വരുംനാളുകൾ പകർച്ചവ്യാധികളുടെയും ദുരിതങ്ങളുടേതുമാണെന്ന് മറക്കേണ്ട. ഉയർത്തെണീക്കാൻ അവർക്ക് നാം കൈത്താങ്ങാവേണ്ടതുണ്ട്.

നമ്മുടെ കോർപ്പറേഷനിൽ ജോലി ചെയ്യുന്നവരിൽ ഒരാൾ പോലും ഈ ഉദ്യമത്തിൽ നിന്ന് പിൻതിരിഞ്ഞു നിൽക്കരുതെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ലോകമെങ്ങും സുമനസ്സുകൾ കേരള സർക്കാരിനോടൊപ്പം കൈകോർത്തു കൊണ്ട് ഒരു ഭൂപ്രദേശത്തെ, ഒരു ജനതയെ തിരിച്ചു പിടിക്കുന്ന കർമ്മത്തിൽ നമുക്കും പങ്കാളിയാവാം.

ഇത് നിങ്ങളോരോരുത്തരോടുമുള്ള എന്റെ വ്യക്തിപരമായ അഭ്യർത്ഥനയായി കണ്ട് സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

Bindu. V.C

ബിന്ദു വി.സി.
മാനേജിംഗ് ഡയറക്ടർ

Opp. Manmohan Bungalow
Kowdiar P.O. Pin - 695 003
Thiruvananthapuram, Kerala

E : head@kswdc.org
F : 91 471 2316006
T : 91 471 2727668, 94960 15015

www.kswdc.org